**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1904** **13-02-2025 - ൽ മറുപടിയ്ക്ക്**

**അമൃത, രാജ്യറാണി എക്സ്പ്രസ്സുകളിൽ അധിക കോച്ചുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ഉബൈദുള്ള** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | അമൃത, രാജ്യറാണി എക്സ്പ്രസ്സുകളിൽ സ്ലീപ്പർ കോച്ചുകളുടെ എണ്ണം കുറക്കാനുള്ള റെയിൽവേയുടെ തീരുമാനം പുനപരിശോധിക്കുവാൻ സർക്കാർ തലത്തിൽ ഇടപെടുമോ; വിശദമാക്കുമോ ; | (എ) | റെയിൽവെ സംസ്ഥാനത്തോട് കാണിക്കുന്ന അവഗണന സംബന്ധിച്ച് കേന്ദ്ര റെയിൽവെ മന്ത്രിയുമായി നിരന്തരം കത്തിടപാട് നടത്തുകയും കൂടിക്കാഴ്ച നടത്തുകയും ചെയ്തിട്ടുണ്ട്. 16/10/2024-ന് ബഹു. മുഖ്യമന്ത്രി കേന്ദ്ര റെയിൽവെ മന്ത്രിയെ സന്ദർശിച്ച് കേരളത്തിലെ റെയിൽവെ വികസനവുമായി ബന്ധപ്പെട്ട വിവിധ ആവശ്യങ്ങൾ ഉന്നയിച്ചിരുന്നു. 2024 ജൂലൈ 3-ന് ദക്ഷിണ റെയിൽവെ അധികൃതരുമായി നടത്തിയ ചർച്ചയിൽ പാസഞ്ചർ ട്രെയിനുകളുടെ എണ്ണം വെട്ടിക്കുറച്ചതും, മറ്റ് ട്രെയിനിലെ സ്ലീപ്പർ കോച്ചുകൾ വെട്ടിച്ചുരുക്കിയ വിഷയവും ചർച്ച ചെയ്യുകയുണ്ടായി. ട്രെയിൻ ഗതാഗതവുമായി ബന്ധപ്പെട്ട് കേരളം ഉന്നയിച്ച വിഷയങ്ങൾ പരിഹരിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമെന്ന് റെയിൽവെ അധികൃതർ ഉറപ്പ് നൽകുകയും ചെയ്തു.<br><br>അമൃത, രാജ്യറാണി എക്സ്പ്രസ്സുകളിൽ സ്ലീപ്പർ കോച്ചുകളുടെ എണ്ണം കുറക്കുന്ന വിഷയം ചൂണ്ടിക്കാണിച്ചുകൊണ്ട് ലഭിച്ച നിവേദനങ്ങൾ യഥാസമയം ഡിവിഷണൽ റെയിൽവേ മാനേജർമാരുടെ ശ്രദ്ധയിൽപ്പെടുത്തി തുടർ നടപടികൾ സ്വീകരിച്ചുവരികയാണ്. |
| (ബി) | മലബാറിലെ യാത്രാ ക്ലേശം പരിഹരിക്കുന്നതിനായി രാജ്യറാണി എക്സ്പ്രസ്സിൽ അധിക സ്ലീപ്പർ കോച്ചുകൾ അനുവദിക്കുന്നതിനായുള്ള നടപടി സ്വീകരിക്കുമോ? | (ബി) | റെയിൽവെ സംസ്ഥാനത്തോട് കാണിക്കുന്ന അവഗണന സംബന്ധിച്ച് കേന്ദ്ര റെയിൽവെ മന്ത്രിയുമായി നിരന്തരം കത്തിടപാട് നടത്തുകയും കൂടിക്കാഴ്ച നടത്തുകയും ചെയ്തിട്ടുണ്ട്. 16/10/2024-ന് ബഹു. മുഖ്യമന്ത്രി കേന്ദ്ര റെയിൽവെ മന്ത്രിയെ സന്ദർശിച്ച് കേരളത്തിലെ റെയിൽവെ വികസനവുമായി ബന്ധപ്പെട്ട വിവിധ ആവശ്യങ്ങൾ ഉന്നയിച്ചിരുന്നു. 2024 ജൂലൈ 3-ന് ദക്ഷിണ റെയിൽവെ അധികൃതരുമായി നടത്തിയ ചർച്ചയിൽ |

| | | | |
|---|---|---|---|
| | | | പാസഞ്ചർ ട്രെയിനുകളുടെ എണ്ണം വെട്ടിക്കുറച്ചതും, മറ്റു ട്രെയിനിലെ സ്ലീപ്പർ കോച്ചുകൾ വെട്ടിച്ചുരുക്കിയ വിഷയവും ചർച്ച ചെയ്യുകയുണ്ടായി. ട്രെയിൻ ഗതാഗതവുമായി ബന്ധപ്പെട്ട് കേരളം ഉന്നയിച്ച വിഷയങ്ങൾ പരിഹരിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമെന്ന് റെയിൽവെ അധികൃതർ ഉറപ്പു നൽകുകയും ചെയ്തു.<br><br>അമൃത, രാജ്യറാണി എക്സ്പ്രസ്സുകളിൽ സ്ലീപ്പർ കോച്ചുകളുടെ എണ്ണം കുറക്കുന്ന വിഷയം ചൂണ്ടിക്കാണിച്ചുകൊണ്ട് ലഭിച്ച നിവേദനങ്ങൾ യഥാസമയം ഡിവിഷണൽ റെയിൽവേ മാനേജർമാരുടെ ശ്രദ്ധയിൽപ്പെടുത്തി തുടർ നടപടികൾ സ്വീകരിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ